## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **5366**

23-05-2017 ൽ മറുപടിയ്ക്ക്

# തലശ്ശേരി നിയോജക മണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ പ്രവൃത്തികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. എൻ. ഷംസീർ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) തലശ്ശേരി നിയോജക മണ്ഡല ത്തിൽ തുറമുഖ വകുപ്പിന്റെ എന്തൊക്കെ പ്രവൃത്തികൾ ആണ് പൂർത്തിയാകാൻ ഉള്ളതെന്നും പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ ; | (എ) യും (ബി) യും | സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം, തുറമുഖ ഗോഡൗണിന്റെ നവീകരണ പ്രവൃത്തി, മാരിടൈം മ്യൂസിയം നിർമ്മാണം എന്നിവ യാണ് തലശ്ശേരി നിയോജക മണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ പ്രവൃത്തികൾ. ഇതിൽ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം നടന്നു വരുന്നു. ഗോഡൗൺ നവീകരണത്തിന് കരാർ ഒപ്പുവച്ചുകഴിഞ്ഞു. നിർമ്മാണം ഉടൻ ആരംഭിക്കും. മാരിടൈം മ്യൂസിയത്തിന്റെ നിർമ്മാണച്ചുമതല ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനാണ് നൽകിയിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം കൈക്കൊള്ളാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തികൾ സമയ ബന്ധിത മായി തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് തുറമുഖ വകുപ്പ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ